മെട്രോ വാർത്ത

July 8, 2016

# മത്തി ക്ഷാമം ഈ വർഷം നഷ്ടം 150 കോടി

കൊച്ചി: കഴിഞ്ഞ വർഷം സംസ്ഥാനത്ത് മത്തിയുടെ ലഭ്യതയിലുണ്ടായ ഗണ്യമായ കുറവിനെത്തുടർന്ന് 150 കോടി രൂപയുടെ സാമ്പത്തിക നഷ്ടമുണ്ടായെന്ന് കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനം (സിഎംഎഫ്ആർഐ) നടത്തിയ പഠനത്തിൽ കണ്ടെത്തി.

മത്തിയുടെ ക്ഷാമം കാരണം മത്സ്യമേഖലയിൽ 28.2% തൊഴിൽ കുറയുകയും മത്തിയുടെ വില 60% കൂടുകയും ചെയ്തു. ഇത് മത്സ്യത്തൊഴിലാളികളുടെ ജീവിത നിലവാരത്തെ സാരമായി ബാധിച്ചിട്ടുണ്ടെന്നും പഠനം വ്യക്തമാക്കുന്നു.

സംസ്ഥാനത്തെ മത്സ്യമേഖലയെ മെച്ചപ്പെടുത്തുന്നതിന് ഫിഷറീസ് മന്ത്രി ജെ. മെഴ്സിക്കുട്ടിയമ്മ സിഎംഎഫ്ആർഐയിൽ വിളിച്ചു ചേർത്ത, ഫിഷറീസ് മേഖലയിൽ പ്രവർത്തിക്കുന്ന ഗവേഷണ സ്ഥാപനങ്ങളുടെ സംയുക്ത യോഗത്തിലാണ് പഠന റിപ്പോർട്ട് സിഎംഎഫ്ആർഐ മന്ത്രിക്കു സമർപ്പിച്ചത്.

മത്തിയുടെ ലഭ്യത കുറയുന്നതിനുള്ള കാരണങ്ങളും സിഎംഎഫ്ആർഐ കണ്ടെത്തിയിട്ടുണ്ട്. അതിരു കടന്ന മത്സ്യബന്ധനം, മത്തിയുടെ പ്രജനന സമയത്തിലെ മാറ്റം, എൽ നിനോ പ്രതിഭാസം, അമിതമായ തോതിൽ മീൻകുഞ്ഞുങ്ങളെ പിടിക്കുന്നത് തുടങ്ങിയവയാണ് ജനകീയ മത്സ്യമായ മത്തി കുറയുന്നതിനുള്ള പ്രധാന കാരണങ്ങളായി ചൂണ്ടിക്കാണിക്കുന്നത്.

2010-2012 കാലയളവിൽ വൻതോതിൽ കുഞ്ഞുങ്ങളെ പിടിച്ചെടുത്തത് കഴിഞ്ഞ രണ്ട് വർഷങ്ങളിൽ മത്തി കുറയുന്നതിന് ഒരു പ്രധാന കാരണമാണെന്ന് റിപ്പോർട്ടിൽ പറയുന്നു.

മത്തിയുടെ ലഭ്യതയിൽ ഈ വർഷം വർധനയ്ക്കു സാധ്യതയില്ലെന്നും സിഎംഎഫ്ആർഐയിലെ ഫിഷറി എൻവയൺമെന്റ് ആൻഡ് മാനെജ്മെന്റ് ഡിവിഷൻ മേധാവി ഡോ. വി. കൃപയുടെ നേതൃത്വത്തിൽ നടത്തിയ പഠനത്തിലുണ്ട്.

കുഞ്ഞുമത്സ്യങ്ങളെ പിടിക്കുന്നതിലുള്ള നിരോധനം കൂടുതൽ ശക്തമാക്കണമെന്ന് സിഎംഎഫ്ആർഐ സർക്കാറിനോട് ആവശ്യപ്പെട്ടു.

മത്സ്യബന്ധന വലയുടെ നീളവും ആഴവും കുറയ്ക്കുന്നതിനും മറ്റു കരുതൽ നടപടികൾ കൈക്കൊള്ളണമെന്നും ശുപാർശ.

സംസ്ഥാനത്തെ ഫിഷറീസ് മേഖലയുടെ വികസനത്തിന് ഏത് തരത്തിലുള്ള ഗവേഷണ പ്രവർത്തനങ്ങൾ നടത്തുന്നതിനും സിഎംഎഫ്ആർഐ ഒരുക്കമാണെന്ന് ഡയറക്റ്റർ ഡോ. എ. ഗോപാലകൃഷ്ണൻ. കേരളത്തിൽ പ്രവർത്തിക്കുന്ന ഫിഷറീസ് ഗവേഷണ സ്ഥാപനങ്ങളിൽ നിന്നുള്ള ശാസ്ത്രവിദ്യകൾ യഥാസമയം മത്സ്യത്തൊഴിലാളികളിലേക്കും കർഷകരിലേക്കും എത്തിക്കുന്നതിനു സ്ഥിരം സംവിധാനം കൊണ്ടുവരുമെന്ന് യോഗത്തിൽ അധ്യക്ഷയായ മന്ത്രി പറഞ്ഞു.

സിഎംഎഫ്ആർഐ, സിഐഎഫ്ടി, എൻബിഎഫ്ജിആർ, കെവികെ, സിഫ്റി, കുഫോസ്, എൻഐഒ, സിഫ്നെറ്റ്, എംപിഇഡിഎ, സിഎംഎൽആർഇ, എഫ്എസ്ഐ, നിഫാറ്റ്, ആർജിസിഎ, കെവികെ, സിഫ്റി, എന്നി സ്ഥാപനങ്ങളിലെ മേധാവികളും ഫിഷറീസ് വകുപ്പ് ഉദ്യോഗസ്ഥരും യോഗത്തിൽ പങ്കെടുത്തു.

ഫിഷറീസ് സെക്രട്ടറി ജയിംസ് വർഗീസ്, സാഫ് എക്സിക്യൂട്ടിവ് ഡയറക്റ്റർ സി.ആർ. സത്യവതി എന്നിവർ സംസാരിച്ചു.

## ട്രോളിങ് കാലാവധി നീട്ടും: മന്ത്രി

കൊച്ചി: ട്രോളിങ് കാലാവധി നീട്ടുമെന്ന് ഫിഷറീസ് മന്ത്രി ജെ. മെഴ്സിക്കുട്ടിയമ്മ. ചർച്ചകളിലൂടെ മാത്രമേ തീരുമാനം നടപ്പാക്കൂ. ട്രോളിങ് നിരോധനത്തോടൊപ്പം നടപ്പാക്കേണ്ട മറ്റു കാര്യങ്ങൾ ചെയ്യുന്നതിലുള്ള വീഴ്ചയാണ് മത്സ്യമേഖലയിലെ സ്തംഭനാവസ്ഥയ്ക്കു കാരണം.

മത്സ്യബന്ധന രീതി, ബോട്ട്, മത്സ്യബന്ധന ദൂരപരിധി, മത്സ്യകൃഷി, തീരദേശ പരിപാലനം, മത്സ്യസംസ്കരണം തുടങ്ങിയ മേഖലകളിൽ ഈ രംഗത്ത് പ്രവർത്തിക്കുന്ന ഗവേഷണ സ്ഥാപനങ്ങളുടെ സഹായം തേടും. ഇവരുടെ ഉപദേശത്തോടെ മത്സ്യബന്ധനരീതികൾ പരിഷ്കരിക്കുമെന്നും മന്ത്രി.

